**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1041** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ കരാറുകാരുടെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്; കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 44714 കോടി രൂപയാണ്. അതിൽ കേന്ദ്ര സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ജൽ ജീവൻ മിഷൻ നടപ്പിലാക്കിയ വകയിൽ 4,371.32 കോടി രൂപയുടെ ബില്ലുകൾ കരാറുകാർക്ക് ഇനിയും നൽകാനുണ്ട്. |
| (ബി) | രണ്ടാം ഘട്ട കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്; കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; | (ബി) | ജൽ ജീവൻ മിഷന്റെ രണ്ടാം ഘട്ടത്തെ കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ജൽ ജീവൻ മിഷൻ നടപ്പിലാക്കിയ വകയിൽ 4,371.32 കോടി രൂപയുടെ ബില്ലുകൾ കരാറുകാർക്ക് ഇനിയും നൽകാനുണ്ട്. |
| (സി) | സംസ്ഥാന വിഹിതമായി സർക്കാർ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണ്; വിശദാംശം നൽകുമോ; | (സി) | ജൽ ജീവൻ മിഷൻ നടപ്പിലാക്കിയ വകയിൽ 4,371.32 കോടി രൂപയുടെ ബില്ലുകൾ കരാറുകാർക്ക് ഇനിയും നൽകാനുണ്ട്. ജൽ ജീവൻ മിഷന്റെ ഗൈഡ് ലൈൻസ് പ്രകാരം 50% സംസ്ഥാന സർക്കാരും 50% ശതമാനം കേന്ദ്ര സർക്കാരുമാണ് വഹിക്കേണ്ടത്. |
| (ഡി) | സംസ്ഥാന വിഹിതം നൽകാത്തതിനെ തുടർന്ന് കരാറുകാർ പ്രവൃത്തികൾ നിർത്തിവെക്കുമെന്ന മുന്നറിയിപ്പ് നൽകിയ സാഹചര്യത്തിൽ കുടിശ്ശിക തുക കൊടുത്തു തീർക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കുടിശ്ശിക നൽകാത്തതിന്റെ പേരിൽ ജൽ ജീവൻ മിഷന്റെ പണികൾ ഫെബ്രുവരി ഒന്നു മുതൽ നിർത്തിവയ്ക്കും എന്ന് അറിയിച്ചുകൊണ്ട് കരാറുകാരുടെ മുന്നറിയിപ്പ് കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.<br><br>ലോകബാങ്കിൽ നിന്നും 6300 കോടി രൂപ, നബാർഡ്, ഹഡ്കോ, എൽ.ഐ.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും 12,000 കോടി രൂപ എന്നിങ്ങനെ ജൽജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായുള്ള പ്രൊപ്പോസലു കൾ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും സമർപ്പിച്ചിരുന്നു. അവ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ